(സി) മേൽ പരാമർശിച്ച പ്രകാരം ലഭിക്കുന്ന പരാതി പരിശോധിച്ചശേഷം അപേക്ഷകന് അംഗത്വം നൽകേണ്ടതാണെന്ന് കാണുന്ന പക്ഷം ആയതിനുള്ള നിർദ്ദേശം സംഘത്തിന് രജിസ്ട്രാർ നൽകുന്നതാണ്. രജിസ്ട്രാറുടെ നിയമാനുസൃത മുള്ള നിർദ്ദേശം സംഘം അവഗണിക്കുകയാണെങ്കിൽ രജിസ്ട്രാറിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംഘത്തിനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

പരിയാരം മെഡിക്കൽ കോളേജ്

112 (457) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ

113 (458) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു ; എത്ര സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ലാഭത്തിലാക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സഹകരണ സംഘങ്ങൾവഴി വിതരണംചെയ്ത കാർഷികവായ്പ എത്രയെന്ന് വ്യക്തമാക്കുമോ ; ആകെ കാർഷിക വായ്പയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ കണക്ക്, വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) കാർഷികവായ്പ തീരെ നൽകാത്ത സംഘങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ. ; ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷികവായ്പാ സംഘങ്ങളുടെ 2014-15 വർഷത്തിലെ ആഡിറ്റ് പൂർത്തിയായിട്ടില്ലാത്തതിനാൽ 2014-15-ലെ ലാഭനഷ്ട കണക്ക് ലഭ്യമല്ല. 2013-14-ൽ ലഭ്യമായ കണക്ക് പ്രകാരം 895 സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി പ്രത്യേകം പദ്ധതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിനുപുറമേ സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ നിയന്ത്രണത്തിലുള്ള വികസന ക്ഷേമനിധി ഫണ്ടിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കിയും സംഘത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തിയും പുനരുദ്ധാരണ പ്രവർത്തനം നടത്തിവരുന്നുണ്ട്. കൂടാതെ, ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലം ഈടാക്കാതെയും കൊടുത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽനിന്നും നീക്കം ചെയ്യുന്നതിന് 'ഉണർവ്' പദ്ധതി നടപ്പിലാക്കിയതുമൂലം വളരെയേറെ സംഘങ്ങൾ ലാഭത്തിലേക്ക് വന്നിട്ടുണ്ട്.

സംഘങ്ങളുടെ വായ്പാ കുടിശ്ശിക പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി ചെലവ് നിയന്ത്രിക്കുകയും യഥാസമയം കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയും കുടിശ്ശിക 10%-ൽ താഴെയാക്കി കുറച്ചുകൊണ്ടുവരികയും തിരിച്ചടയ്ക്കാനുള്ള കഴിവ് കൂടി കണക്കിലെടുത്ത് വായ്പ നൽകുകയും ധനസഹായ ബാങ്കിന്റെ സഹകരണത്തോടെ പ്രത്യേക പദ്ധതി അംഗീകരിച്ച് സോഫ്റ്റ് ലോൺ അടക്കമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുന്നതോടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ നഷ്ടത്തിൽനിന്നും കരകയറ്റി പ്രവർത്തനം പുനരുദ്ധരിക്കാൻ സാധിക്കും. സംഘം മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും അഴിമതികളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുകയും അംഗങ്ങളുടെ വിശ്വാസ്യത ആർജ്ജിക്കുകയും സഹകരണ വകുപ്പ് ഇക്കാര്യത്തിൽ മുഖ്യപങ്ക് വഹിക്കുകയും ചെയ്യുന്നതിലൂടെ സംഘം പ്രവർത്തനം ഊർജ്ജിതപ്പെടുത്തിവരുന്നുണ്ട്.

സംസ്ഥാന പദ്ധതി പ്രകാരം പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി

പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ധനസഹായങ്ങളുടെ (ഷെയർ, ലോൺ, സബ്സിഡി) വിനിയോഗം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും പുനരുദ്ധാരണ പ്രവർത്തനം അവലോകനം ചെയ്യുന്നതിനുമായി സംസ്ഥാന-ജില്ലാ തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പ്രാഥമിക കാർഷിക വികസന ബാങ്കുകൾ അടക്കമുള്ള സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ കണക്ക് ചുവടെ ചേർക്കുന്നു :

2011-12 - 2665.47 കോടി രൂപ

2012-13 - 2841.38 " "

2013-14 - 3275.03 " "

2014-15 - 3799.97 " "

ആകെ കാർഷിക വായ്പയിൽ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്ത വായ്പകളുടെ കണക്ക് ചുവടെ ചേർക്കുന്നു :

2011-12 - 2395.60 കോടി രൂപ

2012-13 - 2588.75 " "

2013-14 - 3060.75 " "

2014-15 - 3642.15 " "

(സി) കാർഷികവായ്പ തീരെ നൽകാത്ത 32 പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങൾ സംസ്ഥാനത്തുണ്ട്.

കാർഷിക വായ്പാ സഹകരണസംഘങ്ങൾക്ക് പരമാവധി കാർഷിക വായ്പകൾ നൽകാൻ സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തം ജാമ്യത്തിലും വസ്തുക്കളുടെ ജാമ്യത്തിലും സ്വർണ്ണ ഉരുപ്പടികളുടെ ഈടിന്മേലും കാർഷിക വായ്പകൾ നൽകിവരുന്നുണ്ട്. കാർഷിക വായ്പാ വിതരണം നടത്താത്ത സംഘങ്ങളുടെ വിശദീകരണം തേടുകയും വീഴ്ചവരുത്തിയ സംഘങ്ങളെ കാർഷികേതര വായ്പാ സംഘങ്ങളായി മാറ്റുകയും ചെയ്യുന്ന കാര്യം ജോയിന്റ് രജിസ്ട്രാർതലത്തിൽ പരിശോധിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly